# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2260 18/07/2016-ൽ മറുപടിയ്ക്ക്**

**കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ: | | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പ് മന്ത്രി): | |
|---|---|---|---|
| എ) | കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ചുമതലയിൽ ഏതൊക്കെ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്; പ്രസ്തുത ആവശ്യത്തിലേയ്ക്കുള്ള പണം ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് കോർപ്പറേഷൻ കണ്ടെത്തുന്നത്; വിശദാംശം അറിയിക്കുമോ; | എ) | സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന് പുറമെ കേന്ദ്ര സർക്കാർ, എൻ.എഫ്.ഡി.ബി., നബാർഡ് തുടങ്ങി മറ്റു ദേശീയ ധനസഹായ സ്ഥാപനങ്ങൾ വഴിയുള്ള സാമ്പത്തിക സ്രോതസ്സുകളിൽ നിന്നും ഫണ്ട് സ്വരൂപിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) | കൊല്ലം ജില്ലയിൽ കോർപ്പറേഷൻ ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുള്ള പ്രധാനപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും നിലവിൽ പൂർത്തീകരിക്കുവാനുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും വെളിപ്പെടുത്താമോ; | ബി) | കൊല്ലം ജില്ലയിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുള്ള തും പൂർത്തീകരിക്കാനുള്ളതുമായ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | പുതുതായി ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | സി) | 2015-16 കാലയളവിൽ സംസ്ഥാനത്തൊട്ടാകെ 18 കോടി രൂപയുടെ ആരോഗ്യ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനം, സാനിറ്റേഷൻ പദ്ധതികൾ, അംഗൻവാടികൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് |

| | | |
|---|---|---|
| | | നടപ്പിലാക്കിവരുന്നു. ഈ സാമ്പത്തിക വർഷം 29.18 കോടി രൂപയുടെ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും, 1.73 കോടി രൂപയുടെ ആരോഗ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും, 55 ലക്ഷം രൂപയുടെ സാനിട്ടേഷൻ പദ്ധതികളും നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 21.80 കോടി രൂപയുടെ 10 വിദ്യാഭ്യാസ അടിസ്ഥാനസൗകര്യ വികസന പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ

# അനുബന്ധം

കൊല്ലം ജില്ലയിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

(1) കിണർ നിർമ്മാണം, ആലപ്പാട് - 7.00 ലക്ഷം രൂപ

(2) പബ്ലിക് ടോയ്‌ലറ്റ്, ആലപ്പാട് - 10.00 ലക്ഷം രൂപ

(3) ലൈബ്രറി, ആലപ്പാട് - 41.00 ലക്ഷം രൂപ

(4) കുടിവെള്ള പദ്ധതി, മുതാക്കര - 67.00 ലക്ഷം രൂപ

(5) വൈദ്യുതീകരണം, മുതാക്കര - 43.66 ലക്ഷം രൂപ

(6) ലൈബ്രറി, മുതാക്കര - 20.80 ലക്ഷം രൂപ

(7) ഹൈമാസ്റ്റ്‌ലൈറ്റ്, ഇരവിപുരം - 20.00 ലക്ഷം രൂപ

(8) പുത്തൻതുറ എ.എസ്.എച്ച്. സ്കൂളിൽ പുതിയ കെട്ടിട നിർമ്മാണം - 117.00 ലക്ഷം രൂപ

(9) ഹൈമാസ്റ്റ്‌ലൈറ്റ്, നീണ്ടകര - 7.00 ലക്ഷം രൂപ

(10) കരുനാഗപ്പള്ളി ജി.ആർ.എഫ്.ടി.എച്ച്.എസ്. പുതിയ കെട്ടിടം - 195.00 ലക്ഷം രൂപ

(11) കല്ലേല്ലുവയൽകോളനി റീടാറിംഗ് - 21.00 ലക്ഷം രൂപ

(12) കല്ലേല്ലുവയൽകോളനി അംഗൻവാടി - 20.00 ലക്ഷം രൂപ

(13) കുടിവെള്ള പദ്ധതി, ശക്തിക്കുളങ്ങര - 211.86 ലക്ഷം രൂപ

(14) വൈദ്യുതീകരണം, തങ്കശ്ശേരി - 3.79 ലക്ഷം രൂപ

(15) കോമൺ ഫെസിലിറ്റി സെന്റർ, തങ്കശ്ശേരി - 40.52 ലക്ഷം രൂപ

(16) ഹൈമാസ്റ്റ്‌ലൈറ്റ്, തങ്കശ്ശേരി (4 എണ്ണം) - 24.00 ലക്ഷം രൂപ

(17) വിമൺ ഷെൽട്ടർ, നീണ്ടകര - 25.00 ലക്ഷം രൂപ

**പൂർത്തിയാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.**

(1) പാരത്തുരുത്ത് ജി.എൽ.പി. സ്കൂൾ പുതിയ കെട്ടിട നിർമ്മാണം - 153.00 ലക്ഷം രൂപ

(2) കുടിവെള്ള പദ്ധതി, ആലപ്പാട് - 60.10 ലക്ഷം രൂപ

(3) കുടിവെള്ള പദ്ധതി, തെക്കുംഭാഗം/തേവലക്കര - 119.00 ലക്ഷം രൂപ

(4) വൈദ്യുതീകരണം, ആലപ്പാട് - 60.00 ലക്ഷം രൂപ

(5) വൈദ്യുതീകരണം, തെക്കുംഭാഗം/തേവലക്കര - 46.69 ലക്ഷം രൂപ

(6) സോളാർ ഹൈമാസ്റ്റ്, ആലപ്പാട് - 16.00 ലക്ഷം രൂപ

(7) സോളാർ ഹൈമാസ്റ്റ്, തെക്കുംഭാഗം/തേവലക്കര - 16.00 ലക്ഷം രൂപ

(8) നെറ്റ് മെന്റിംഗ് യാർഡ്, ആലപ്പാട് - 41.36 ലക്ഷം രൂപ

(9) കൂട്ടിക്കട ജി.എൽ.പി.എസ് പുതിയ കെട്ടിട നിർമ്മാണം - 110.56 ലക്ഷം രൂപ

(10) ശാസ്താംകോവിൽ ജി.എൽ.പി.എസ്. കെട്ടിട നിർമ്മാണം - 136.20 ലക്ഷം രൂപ

(11) വൈദ്യുതീകരണം, നീണ്ടകര - 150.00 ലക്ഷം രൂപ

(12) പബ്ലിക് ടോയ്‌ലറ്റ് നിർമ്മാണം, മുതാക്കര - 16.20 ലക്ഷം രൂപ

(13) വൈദ്യുതീകരണം, ഇരവിപുരം - 109.20 ലക്ഷം രൂപ

(14) കുടിവെള്ള പദ്ധതി, നീണ്ടകര - 280.13 ലക്ഷം രൂപ

(15) കുട്ടനഴികം ഡ്രെയിൻ, നീണ്ടകര - 180.00 ലക്ഷം രൂപ

(16) നീണ്ടകര താലൂക്ക് ഹോസ്പിറ്റൽ ഐ.പി. ബ്ലോക്ക് നിർമ്മാണം -190.00 ലക്ഷം രൂപ

(17) പള്ളിത്തോട്ടം ന്യൂ കോളനി കുടിവെള്ള പദ്ധതി - 85.00 ലക്ഷം രൂപ

(18) തങ്കശ്ശേരി കുടിവെള്ള പദ്ധതി - 84.00 ലക്ഷം രൂപ

(19) തങ്കശ്ശേരി ബയോഗ്യാസ് നിർമ്മാണം - 20.00 ലക്ഷം രൂപ

**സെക്ഷൻ ഓഫീസർ**